## പ്രധാനവാർത്തകൾ

1. മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ഇനി ഒരാഴ്ച കൂടി. പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.
2. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ ചിഹ്നങ്ങൾ ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.
3. സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് പരീക്ഷാ പരിഷ്ക്കരണം നാളെ മുതൽ പ്രാബല്യത്തിൽ വരും.
4. കേരളത്തിൽ ഉഷ്ണതരംഗ മുന്നറിയിപ്പ് തുടരുന്നു. പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രത.
5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ് പഞ്ചാബ് കിങ്സിനെ നേരിടും.

RNU TVPM

&&&&&&&&&&&&&&&

ഹെഡ് ലൈൻ 1

തിരഞ്ഞെടുപ്പ്- മൂന്നാംഘട്ടം

മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് ഇനി ഒരാഴ്ച കൂടി. 10 സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തിലെയും

93 സീറ്റുകളിൽ മെയ് 7 നാണ് മൂന്നാം ഘട്ട വോട്ടെടുപ്പ്. ഗുജറാത്തിലും ഗോവയിലും ഒറ്റഘട്ടമായി തിരഞ്ഞെടുപ്പ് പൂർത്തിയാവും. കർണാടകയിലെ അവശേഷിക്കുന്ന 14 സീറ്റുകളിലും മൂന്നാംഘട്ടത്തിലാണ് വോട്ടെടുപ്പ്. ശക്തമായ പ്രചാരണമാണ് വിവിധ സംസ്ഥാനങ്ങളിൽ പുരോഗമിക്കുന്നത്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഗുജറാത്തിലെ ബനാസ് കാണ്ഠയിലും, സാബർ കാണ്ഠയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് ഛത്തീസ്ഗഡിലെ കോർബയിൽ പ്രചാരണ യോഗത്തിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ കർണാടകയിലും, പ്രിയങ്കാ ഗാന്ധി അസമിലും തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തിരുന്നു.

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ 2

**തിരഞ്ഞെടുപ്പ് കമ്മീഷൻ- മാർഗ്ഗനിർദ്ദേശം**

പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ ചിഹ്നങ്ങൾ ലോഡ് ചെയ്യുന്നുമായി ബന്ധപ്പെട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. ഇ വി എമ്മിലെ വോട്ടും വിവിപാറ്റ് സ്ലിപുകളും 100 ശതമാനം ഒത്തു നോക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ കഴിഞ്ഞ മാസം 26-ന് പരിഗണിക്കവെയാണ് സുപ്രീംകോടതി ഇത് സംബന്ധിച്ച നിർദേശം തിരഞ്ഞെടുപ്പ് കമ്മീഷന് നൽകിയത്. മാർഗ നിർദേശങ്ങൾ നടപ്പാക്കാനുള്ള അടിസ്ഥാന സൗകര്യം ഒരുക്കാനും മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കമ്മീഷൻ നിർദേശം നൽകി.

&&&&&&&&&&&&&&&&&&

RNU TVPM

ഹെഡ് ലൈൻ 3

**ഡ്രൈവിങ് ടെസ്റ്റ്- ഇൻട്രോ**

സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് പരീക്ഷാ പരിഷ്ക്കരണം നാളെ മുതൽ നടപ്പിലാക്കും. ഡ്രൈവിങ് സ്കൂൾ ഉടമകളുടെ പ്രതിഷേധം നിലനിൽക്കെയാണ് പരിഷ്ക്കരണം നടപ്പിലാക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...

(വോയിസ്)

&&&&&&&&&&&&&&&&

**അയോധ്യ- രാഷ്ട്രപതി**

അയോധ്യ ശ്രീരാമക്ഷേത്രത്തിൽ ദർശനം നടത്തുന്നതിനായി രാഷ്ട്രപതി ദ്രൗപദി മുർമു രാമജന്മ ഭൂമിയിൽ എത്തി. ഉത്തർപ്രദേശിലെ മഹാഋഷി വാൽമീകി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ രാഷ്ട്രപതിയെ ഗവർണർ ആനന്ദിബെൻ പട്ടീൽ സ്വീകരിച്ചു. അയോധ്യയിലെ ശ്രീ ഹനുമാൻ ഗാർഹി ക്ഷേത്രത്തിൽ ദർശനം നടത്തിയ ശ്രീമതി മുർമു പ്രത്യേക പൂജകളിൽ പങ്കെടുത്തു. രാമക്ഷേത്ര നിർമ്മാണത്തിന് ശേഷം രാഷ്ട്രപതി നടത്തുന്ന ആദ്യ രാമജന്മഭൂമി സന്ദർശനമാണിത്.

RNU TVPM

&&&&&&&&&&&&&&&&

**ജി എസ് ടി വരുമാനം**

രാജ്യത്ത് ജി എസ് ടി വരുമാനം ഏറ്റവും ഉയർന്ന നിരക്കിൽ. ഈ വർഷം ഏപ്രിലിൽ രണ്ട് ലക്ഷത്തി 10,000 കോടി രൂപയാണ് മൊത്തം ജി എസ് ടി വരുമാനം. ആഭ്യന്തര ഇടപാടുകളിലും ഇറക്കുമതിയിലും ഉണ്ടായ ശക്തമായ വർദ്ധനയാണ് 12.4 ശതമാനം വാർഷിക വളർച്ചയ്ക്ക് കാരണമായതെന്ന് ധനമന്ത്രാലയം അറിയിച്ചു. റീഫണ്ടുകൾ

കണക്കാക്കിയ ശേഷം, ഏപ്രിലിലെ ജിഎസ്ടി വരുമാനം ഒരു ലക്ഷത്തി 92,000 കോടി രൂപയാണ്.

&&&&&&&&&&&&&&&&

ഹെഡ് ലൈൻ 4

**കാലാവസ്ഥ**

കേരളത്തിൽ ഉഷ്ണതരംഗ മുന്നറിയിപ്പ് തുടരുന്നു. പാലക്കാട്, തൃശൂർ, കോഴിക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. പാലക്കാട് ജില്ലയിൽ അടുത്ത നാല് ദിവസം കൂടി താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും, തൃശൂരിൽ 39 വരെയും, കോഴിക്കോട് 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യത. പൊതുജനങ്ങൾ പകൽ 11 മണി മുതൽ 3 വരെ പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കണം. ധാരാളമായി വെള്ളം കുടിക്കുകയും, പുറത്തിറങ്ങുമ്പോൾ കുടയും പാദരക്ഷയും ഉപയോഗിക്കുകയും ചെയ്യണം. സംസ്ഥാനത്ത് ഈ മാസം അഞ്ച് വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

RNUTVPM

&&&&&&&&&&&&&&&&

**ഉഷ്ണതരംഗം- കോഴിക്കോട്**

കോഴിക്കോട് ജില്ലയിൽ കനത്ത ചൂട് തുടരുന്നത് കാർഷിക മേഖലയെ ഉൾപ്പടെ ബാധിച്ചു. ജലലഭ്യത കുറഞ്ഞത് ഇടവിളകൃഷികൾക്കും തിരിച്ചടിയായി. തീറ്റപ്പുൽ ലഭിക്കാത്തതിനാൽ ക്ഷീരകർഷകരും പ്രതിസന്ധിയിലാണ്. മലയോര മേഖലയിൽ ഉൾപ്പെടെ കുടിവെള്ളക്ഷാമം അതിരൂക്ഷമായിട്ടുണ്ട്. പുഴകളിലെ ജലനിരപ്പ് താഴ്ന്നതോടെ കിണറുകളിലും വെള്ളം കുറഞ്ഞ അവസ്ഥയാണ്. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം

നടത്തുന്നുണ്ടെങ്കിലും ഇത് എല്ലാ ആവശ്യങ്ങൾക്കും തികയുന്നില്ലെന്ന് പ്രദേശവാസികൾ പറയുന്നത്. എന്നാൽ ജില്ലയിലെ ഉയർന്ന മേഖലകളിൽ ചൂടിന് അല്പം കുറവുണ്ട്.

&&&&&&&&&&&&&&&&

**കായികമത്സരം- നിയന്ത്രണം**

സംസ്ഥാനത്തെങ്ങും കടുത്ത ചൂട് നിലനിൽക്കുന്ന സാഹചര്യത്തിൽ രാവിലെ 10 മുതൽ വൈകീട്ട് 4 വരെ ഔട്ട്ഡോർ കായിക മത്സരങ്ങൾ നടത്തരുതെന്ന് കായിക വകുപ്പ് നിർദ്ദേശം നൽകി. കായിക പരിശീലനം, വിവിധ സെലക്ഷൻ ട്രയൽസ് എന്നിവയ്ക്കും നിയന്ത്രണം ബാധകമാണ്. കായിക മന്ത്രി വി. അബ്ദുറഹിമാൻ്റെ നിർദ്ദേശ പ്രകാരമാണ് നടപടി. കടുത്ത ചൂടു തുടരുന്നതു വരെ നിയന്ത്രണം നിലനിൽക്കും.

&&&&&&&&&&&&&&&&

**കെഎസ്ഇബി**

കേരളത്തിൽ വൈദ്യുതി ഉപഭോഗത്തിൽ റെക്കോഡ് വർദ്ധന തുടരുന്ന സാഹചര്യത്തിൽ വൈദ്യുതി ഉപയോഗം പരിമിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് കെ.എസ്.ഇ.ബി. ലോഡ് ക്രമാതീതമായി കൂടിയാൽ 11 കെ.വി ഫീഡറുകളിൽ വൈദ്യുതി വിതരണം നിലയ്ക്കുമെന്നും കഴിഞ്ഞ ദിവസം സംസ്ഥാനത്ത് പലയിടത്തും വൈദ്യുതി മുടങ്ങാൻ ഇതാണ് കാരണമെന്നും കെഎസ്സിബി അറിയിച്ചു. വൈദ്യുതി നിലയ്ക്കുന്നത് ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ടല്ലെന്നും അധികൃതർ വ്യക്തമാക്കി. അതേസമയം സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം അനിവാര്യമെന്ന് കെ.എസ്.ഇ.ബി ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ,

RNU TVPM

ലോഡ്ഷെഡിങ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് മന്ത്രിതല യോഗം നാളെ ചേരും.

&&&&&&&&&&&&&&&&

**ആകാശവാണി – ഡിജി**

ആകാശവാണി ന്യൂസ് ഡയറക്ടർ ജനറലായി ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് മുതിർന്ന ഓഫീസർ മൗഷ്മി ചക്രവർത്തി ചുമതലയേറ്റു. 1991 ബാച്ച് ഐഐഎസ് ഉദ്യാഗസ്ഥയാണ്. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ വിവിധ മാധ്യമ വിഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആകാശവാണി ന്യൂസ് പ്രിൻസിപ്പൽ ഡിജി ശ്രീമതി വസുധ ഗുപ്ത വിരമിച്ചതിനെ തുടർന്നാണ് ശ്രീമതി മൗഷ്മി ചക്രവർത്തി ചുമതലയേറ്റത്.

RNU TVPM

&&&&&&&&&&&&&&&&

ഹെഡ് ലൈൻ 5

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ് പഞ്ചാബ് കിങ്സിനെ നേരിടും. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. നിലവിൽ പോയിൻറ് പട്ടികയിൽ ചെന്നൈ നാലാമതും, പഞ്ചാബ് എട്ടാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&

**റേഷൻ വിതരണം**

സംസ്ഥാനത്ത് ഏപ്രിൽ മാസത്തെ റേഷൻ വിതരണം മറ്റന്നാൾ വരെ ദീർഘിപ്പിച്ചു. മെയ് മാസത്തെ റേഷൻ വിതരണം തിങ്കളാഴ്ച മുതലായിരിക്കും ആരംഭിക്കുക. മെയ് 4, 5 തീയതികളിൽ റേഷൻ കടകൾക്ക് അവധിയായിരിക്കുമെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു.

&&&&&&&&&&&&&&&&

## കുങ്കിയാന ചരിഞ്ഞു

കോന്നി ഇക്കോ ടൂറിസം സെന്ററിലെ കുങ്കിയാന കോടനാട് നീലകണ്ഠൻ ചരിഞ്ഞു. എരണ്ടകെട്ടിനെ തുടർന്ന് രണ്ടാഴ്ചയായി ചികിത്സയിലായിരുന്നു. പോസ്റ്റുമോർട്ടം നടത്തിയ ശേഷം ഔദ്യോഗിക ബഹുമതികളോടെ കുമ്മണ്ണൂരിൽ സംസ്കരിച്ചു. 1996 ൽ മലയാറ്റൂർ വനത്തിൽ നിന്ന് രണ്ട് വയസ് ഉള്ളപ്പോഴാണ് നീലകണ്ഠനെ വനം വകുപ്പിന് ലഭിക്കുന്നത്. നീലകണ്ഠൻ ചരിഞ്ഞതോടെ കോന്നി ഇക്കോ ടൂറിസം സെന്ററിലെ ആനകളുടെ എണ്ണം അഞ്ചായി.

&&&&&&&&&&&&&&&&

## വിദ്യാഭ്യാസ ആനുകൂല്യം

കേന്ദ്ര സർക്കാർ ജീവനക്കാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസും, ഹോസ്റ്റൽ സബ്സിഡിയും 25 ശതമാനം വർദ്ധിപ്പിച്ചു. ക്ഷാമബത്ത 50 ശതമാനത്തിലെത്തിയതിന് അനുസൃതമായാണ് വർദ്ധന. ഈ വർഷം ജനുവരി മുതലാണ് കേന്ദ്ര സർക്കാർ ജീവനക്കാരുടെ ഡി എ 50 ശതമാനത്തിൽ എത്തിയത്.

RNU TVPM

&&&&&&&&&&&&&&&&

## മെയ് ദിനം

ഇന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനം. തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും സംഭാവനകളെ കുറിച്ചും ഓർമപ്പെടുത്തുന്നതിനാണ് ദിനാചരണം സംഘടിപ്പിച്ചു വരുന്നത്. INTUC, CITU, AITUC തുടങ്ങി വിവിധ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് മെയ് ദിന റാലികൾ നടന്നു. തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിൽ സംഘടിപ്പിച്ച മെയ്ദിന കായികമേള മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. തൊഴിൽ വകുപ്പിന്റെ

സഹകരണത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടത്തിയ കായികമേളയിൽ 800 ഓളം തൊഴിലാളികൾ പങ്കെടുത്തു.

&&&&&&&&&&&&&&&&

**ആദായ നികുതി - തൃശൂർ**

തൃശ്ശൂർ ബാങ്ക് ഓഫ് ഇന്ത്യയിലെ സിപിഐഎം അക്കൗണ്ട് മരവിപ്പിക്കാൻ കാരണം ബാങ്കിന്റെ ക്രമക്കേടാണെന്ന് പാർട്ടി ജില്ലാ സെക്രട്ടറി എം എം വർഗീസ്. ബാങ്ക് അധികൃതർ പാൻ നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണ് ഇതിൻറെ കാരണം. തിരഞ്ഞെടുപ്പ് കാലത്ത് പിൻവലിച്ച ഒരുകോടി രൂപ തിരിച്ചടയ്ക്കാൻ ആദായനികുതി വകുപ്പ് നിർദ്ദേശിച്ച പ്രകാരമാണ് പണവുമായി ബാങ്കിൽ എത്തിയതെന്നും അദ്ദേഹം പറഞ്ഞു. ഈ തുക ആദായനികുതി അധികൃതർ ഇന്നലെ പിടിച്ചെടുത്തിരുന്നു. ആദായനികുതി വകുപ്പിന്റെ നടപടികളെ നിയമപരമായി നേരിടും എന്നും ശ്രീ എം എം വർഗീസ് വ്യക്തമാക്കി.

RNJ TVPM

&&&&&&&&&&&&&&&&

**കൊല്ലം- മരണം**

കൊല്ലം ചിതറ മടത്തറയിൽ കിണറ്റിൽവീണ ആടിനെ രക്ഷപ്പെടുത്താനിറങ്ങിയ യുവാവ് ശ്വാസംമുട്ടി മരിച്ചു. മല്ലശ്ശേരി വീട്ടിൽ അൽത്താഫ് ആണ് മരിച്ചത്. 60 അടിയോളം താഴ്ചയുള്ള കിണറ്റിലിറങ്ങുന്നതിനിടെ ശ്വാസം കിട്ടാതെ അൽത്താഫ് വെള്ളത്തിലേക്ക് കുഴഞ്ഞുവീഴുകയായിരുന്നു.

&&&&&&&&&&&&&&&&

**ആലുവ ആക്രമണം**

ആലുവ ചൊവ്വരയിൽ ഇന്നലെ രാത്രി മുൻപഞ്ചായത്ത് മെമ്പറെ വെട്ടി പരിക്കേൽപ്പിച്ച സംഭവം ആസൂത്രിതമെന്ന് പോലീസ്. ആക്രമണത്തിൽ നേരിട്ട് പങ്കെടുത്ത 3 പേരെ

കസ്റ്റഡിയിലെടുത്തു. മുൻവൈരാഗ്യമാണ് ആക്രമണത്തിനു പിന്നിലെന്ന് ആലുവ റൂറൽ എസ്.പി വൈഭവ് സക്സേന പറഞ്ഞു. കാറിലും ബൈക്കിലുമായെത്തിയ സംഘമാണ് ശ്രീ മൂല നഗരം മുൻ പഞ്ചായത്ത് മെമ്പർ സുലൈമാനടക്കം 4 പേരെ ആക്രമിച്ചത്.

&&&&&&&&&&&&&&&
&&&&&&&&&&&
&&&&&

RNU TVPM